പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **1505** **16.03. 2015-** ലെ മറുപടി

**മാലി ജയിലുകളിൽ കഴിയുന്ന മലയാളികളുടെ മോചനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. കെ. വിജയൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) മാലിദ്വീപിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെക്കുറിച്ചുള്ള വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ അവരുടെ വിവരശേഖരം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; | ബി) മാലി ദ്വീപിൽ ജയിലുകളിൽ കഴിയുന്ന ചില മലയാളികളെ സംബന്ധിച്ച വിവരങ്ങൾ നോർക്ക വകുപ്പിൽ ലഭ്യമായിട്ടുണ്ട്. വിവരം ലഭ്യമായ ഉടൻ തന്നെ മാലിദ്വീപിലെ ഇന്ത്യൻ സ്ഥാനപതിയുമായി ബന്ധപ്പെട്ട് അവരുടെ മോചനത്തിനും തിരികെ നാട്ടിലെത്തിക്കുന്നതിനും വേണ്ട സത്വര ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ ജയിലിൽ കഴിഞ്ഞിരുന്ന മാലിദ്വീപിലെ അദ്ധ്യാപകനായിരുന്ന ഒരു മലയാളിയെ നാട്ടിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജയിലിൽ കഴിയുന്ന മറ്റ് രണ്ടു പേരുടെ മോചനത്തിനായി ബന്ധപ്പെട്ട രാജ്യത്തെ അധികൃതരുമായി അവിടത്തെ ഇന്ത്യൻ ഹൈക്കമ്മീഷൻ ബന്ധപ്പെട്ട് വരികയാണ്. |
| (സി) ഇത്തരത്തിൽ ജയിലിൽ കഴിയുന്നവരിൽ നിരപരാധികളും ശിക്ഷാകാലാവധി പൂർത്തിയായവരും ഉണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ഡി)എങ്കിൽ അത്തരം ആളുകളെ മോചിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്? | (സി & ഡി) മാലി ദ്വീപിൽ ജയിലിൽ കഴിഞ്ഞിരുന്ന ഒരു അദ്ധ്യാപകനെ ഇന്ത്യൻ ഹൈക്കമ്മീഷന്റെ സമയോചിത ഇടപെടലിലൂടെ മാലി സർക്കാർ മോചിപ്പിച്ചിരുന്നു. എന്നാൽ അതിനെത്തുടർന്നുണ്ടായ പത്രവാർത്തകൾ ഇന്ത്യൻ ഹൈക്കമ്മീഷന്റെ ഇത്തരം പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുകയുണ്ടായിയെന്ന് ഹൈക്കമ്മീഷൻ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ഇരു രാജ്യങ്ങളും തമ്മിലുള്ള നയതന്ത്ര ഇടപെടലുകളിലൂടെ മാത്രമേ വിദേശരാജ്യങ്ങളിൽ ജയിലിൽ കഴിയുന്നവരുടെ മോചനം സാധ്യമാവുകയുള്ളൂ. ഇതിനുള്ള പരിശ്രമം നടത്തിവരികയാണ്. |

സെക്ഷൻ ഓഫീസർ